**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 192** **04-03-2025 - ൽ മറുപടിയ്ക്ക്**

**തനത് നികുതി വരുമാന വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ സൃഷ്ടിച്ച ധനഞെരുക്കം അതിജീവിക്കുന്നതിനായി തനത് നികുതി വരുമാനം ഉയർത്താൻ സ്വീകരിച്ച പ്രവർത്തനങ്ങൾ ഫലവത്തായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേന്ദ്രനികുതി വിഹിതത്തിലെ കുറയ്ക്കൽ, ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കൽ, RD ഗ്രാന്റിലെ കുറവ് മുതലായ ഇനങ്ങളിലായി കേന്ദ്രസർക്കാർ സൃഷ്ടിച്ച ധനഞെരുക്കം അതിജീവിക്കുന്നതിനായി, വിവിധ വകുപ്പുകളിലെ നികുതി ഇനങ്ങളുടെ നിലവിലെ നിരക്കുകൾ (ഡ്യൂട്ടി, സെസ്സ്, ഫീസുകൾ, ഫൈനുകൾ എന്നിവ ഉൾപ്പെടെ) കാലികമായി പരിഷ്കരിക്കുന്നതിനും, പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിനുമുള്ള നടപടികൾ സംസ്ഥാന സർക്കാർ തുടർന്ന് വരികയാണ്. വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കാനുള്ള നികുതി കുടിശ്ശിക ഈടാക്കുന്നതിനും, നികുതി വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നല്കിയിട്ടുമുണ്ട്. തനത് നികുതി വരുമാന ഇനത്തിൽ 2022-23 വർഷത്തിൽ മുൻ സാമ്പത്തിക വർഷത്തേക്കാൾ 13627.64 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് ഇന്ത്യയിലെ ഏറ്റവുമധികം തനത് വരുമാനം വർദ്ധിച്ച സംസ്ഥാനമായി RBI റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രധാനമായും GST, മോട്ടോർ വാഹനം, ലാൻഡ് റവന്യൂ, രജിസ്ട്രേഷൻ, എക്സൈസ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട നികുതി ഇനങ്ങളുടെയും, വാണിജ്യ, വ്യവസായിക യൂണിറ്റുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുത തീരുവയുടെയും നിരക്ക് പരിഷ്കരണം, സാമൂഹ്യ സുരക്ഷാ സെസ് എന്നിവ നടപ്പിലാക്കിയിരുന്നു. നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി GST, എക്സൈസ് എന്നീ വകുപ്പുകൾ ആംനസ്റ്റി പദ്ധതിയും, മോട്ടോർ വാഹന വകുപ്പ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പാക്കി |

| | | | |
|---|---|---|---|
| | | | വരുന്നു. അതോടൊപ്പം, GST, മോട്ടോർ വാഹനം, ലാൻഡ് റവന്യൂ, രജിസ്ട്രേഷൻ, എക്സൈസ് എന്നീ വകുപ്പുകൾ നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു. ഇത്തരം നടപടികളുടെയെല്ലാം ഫലമായി സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2020-21 സാമ്പത്തിക വർഷത്തിൽ 47660.84 കോടി രൂപയായിരുന്നത്, 2021-22 സാമ്പത്തിക വർഷത്തിൽ 58340.52 കോടി രൂപയായും, 2022-23 സാമ്പത്തിക വർഷത്തിൽ 71968.16 കോടി രൂപയായും, 2023-24 സാമ്പത്തിക വർഷത്തിൽ 74329.01കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. ഇക്കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 26668.17കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട നിരക്കുകൾ വർദ്ധിപ്പിക്കുന്നതിലൂടെയും, ജുഡീഷ്യൽ കോർട്ട് ഫീസ്, ഗാലനേജ് ഫീസ്, സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും, ലൈസൻസികൾക്കും ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവ എന്നിവയുടെ പരിഷ്കരണത്തിലൂടെയും തനത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ തദ്ദേശസ്വയംഭരണ വകുപ്പിന്റെ തനത് നികുതി വരുമാനം ഉയർത്തുന്നതിനും, കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികളും സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.<br><br>ദീർഘ കാലമായി പരിഷ്കരിക്കാത്ത നികുതി ഇനങ്ങളുടെ നിരക്കുകൾ കാലികമായി വർദ്ധിപ്പിക്കുന്നത് വഴിയും, പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിലൂടെയുമുള്ള വിഭവ സമാഹരണ പ്രവർത്തനങ്ങളും സർക്കാർ നടപ്പിലാക്കുന്നുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും നികുതി ഇനത്തിൽ സർക്കാരിനു ലഭിക്കാനുള്ള കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിനും, നികുതി വരുമാനം പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായും സർക്കാർ തലത്തിൽ മോണിറ്ററിംഗ് നടത്തുന്നതിനായി പ്രധാന വകുപ്പുകളുടെ അവലോകന യോഗം ചേരുന്നുണ്ട്. ഇത്തരം നടപടികളിലൂടെ വരും വർഷങ്ങളിലും തനത് നികുതി ഇനങ്ങളിൽ നിന്നുള്ള വരുമാനം ഗണ്യമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം തനത് നികുതി വരുമാനം വർദ്ധിച്ചത് എത്രയായിരുന്നു; എന്തു തുക | (ബി) | നടപ്പ് സാമ്പത്തിക വർഷം 2025 ജനുവരി 31 വരെ തനത് നികുതി വരുമാന ഇനത്തിൽ |

| | | | |
|---|---|---|---|
| | ഈയിനത്തിൽ സമാഹരിക്കാൻ കഴിഞ്ഞു; വ്യക്തമാക്കുമോ; | | **62982.99കോടി രൂപ ലഭ്യമായിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 2024 ജനുവരി 31 വരെ തനത് നികുതി വരുമാന ഇനത്തിൽ 59402.81കോടി രൂപയായിരുന്നു ലഭിച്ചത്. മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് ഈ ഇനത്തിൽ 6.03ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.** |
| (സി) | 2025-26 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ പ്രതീക്ഷിക്കുന്ന തുകയെത്രയാണ്; വിശദമാക്കുമോ; | (സി) | 2025-26 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനമായി **91514.75 കോടി** രൂപയാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനും ഈടാക്കുന്നതിനും നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ നികുതി വരുമാനം ഉയർത്തുന്നതിന് സഹായകമായിരുന്നോ; വിശദമാക്കുമോ? | (ഡി) | ചോദ്യത്തിലെ (എ) പിരിവിനു നല്കിയ മറുപടിയിൽ വ്യക്തമാക്കിയതുപോലെ, വിവിധ സർക്കാർ വകുപ്പുകൾ സ്വീകരിച്ചുവരുന്ന നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നികുതി വരുമാനം ഉയർത്തുന്നതിന് സഹായകരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ